അധിക വിഭവ സമാഹരണം

20 [332] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധിക വിഭവ സമാഹരണത്തിനായി നിലവിലുള്ള ഫീസ്/ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിൽ ഫീസും ചാർജ്ജും വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവിന്റെ കോപ്പികൾ ലഭ്യമാക്കാമോ;

(ഡി) ഫീസ്/ചാർജ്ജ് വർദ്ധനവിന്റെ ഫലമായി എന്തുതുകയുടെ അധിക വിഭവ സമാഹരണം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഫീസ്/ചാർജ്ജ് വർദ്ധനവിന്റെ ഫലമായി ലഭിക്കുന്ന വരുമാനം അക്കൗണ്ടന്റ് ജനറൽ പ്രത്യേകമായി ക്രോഡീകരിക്കുന്നില്ല. അതിനാൽ പ്രത്യേക കണക്കുകൾ ലഭ്യമല്ല.

വായ്പാ നിക്ഷേപാനുപാതം

21 [333] ശ്രീ. കളത്തിൽ അബ്ദുള്ള:
„ സി. മമ്മൂട്ടി:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ സി. ടി. അഹമ്മദ് അലി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബാങ്കുകളിലെ വായ്പാ നിക്ഷേപാനുപാതം എത്രയാണ്;

(ബി) കേരളത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപം കേരളത്തിൽ വായ്പ നൽകാതെ അന്യസംസ്ഥാനങ്ങളിൽ വായ്പ നൽകാൻ ഉപയോഗിക്കുന്നതായി പരാതിയുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാർച്ച് 2004-ലെ കണക്കനുസരിച്ച് വായ്പ നിക്ഷേപാനുപാതം 48.31% ആണ്.

(ബി) ഇത് സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ലെങ്കിലും കേരളത്തിലെ വായ്പാ നിക്ഷേപാനുപാതം കുറവാണെന്ന് ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്.

(സി) ബാങ്കുകളിൽ നിരന്തരം സമ്മർദ്ദം ചെലുത്തുക, കേന്ദ്ര ഗവൺമെന്റ് മീറ്റിംഗുകൾ വിളിക്കുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് പരാതികൾ ഉന്നയിക്കുക, കൂടുതൽ തുക വായ്പയായി നൽകുവാൻ ബാങ്കുകൾക്ക് പ്രചോദനം നൽകുക എന്നിങ്ങനെയുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

പദ്ധതി-പദ്ധതിയേതര തുകയും ചെലവും

22 [334] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2003-04 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽനിന്നും ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി അനുവദിച്ച തുക പാഴാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട മൊത്തം തുകയും, യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുകയും താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	*പ്ലാൻ*	*നോൺപ്ലാൻ*
2001-02	3,063.04	10,881.69
2002-03	3,901.92	10,839.65
2003-04	4,419.02	11,662.55

LIBRARY ARCHIVES Kerala Legislative Assembly